LIBRARY ARCHIVES Kerala Legislative Assembly

പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സ്റ്റൈപ്പന്റ്

30(5477) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്വകാര്യ/സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പന്റ് നിഷേധിക്കപ്പെടുന്നത് പരിഹരിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അർഹരായ പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പന്റ് നിഷേധിക്കുന്നില്ല. എന്നാൽ പോസ്റ്റ്മെട്രിക് ആനുകൂല്യ വിതരണവുമായി ബന്ധപ്പെട്ട് ഗവൺമെന്റ് ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ 2021-22 വർഷം മുതൽ നടപ്പിലാക്കുമ്പോൾ, സംസ്ഥാനത്തെ എല്ലാ അർഹരായ വിദ്യാർത്ഥികൾക്കും തടസ്സമില്ലാതെ സ്റ്റൈപ്പന്റ് വിതരണം ചെയ്യുന്നതിനായി പട്ടികജാതി വികസന വകുപ്പ് ഉപയോഗിക്കുന്ന ഇ-ഗ്രാന്റ്സ് 3.0 സോഫ്റ്റ്വെയറിൽ ആവശ്യമായ ക്രമീകരണങ്ങൾ വരുത്തുന്നതിനുള്ള നടപടി സർക്കാർ സ്വീകരിച്ചുവരുന്നു. 2-7-2009-ലെ സ.ഉ.(അച്ചടി). നമ്പർ 50/2009/പ.ജ.പ.വ.വി.വ. പ്രകാരം സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങളിലെ പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകിവരുന്നു. ടി ഉത്തരവിന്റെ പരിധിയിൽ വരാത്ത രണ്ടരലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കേന്ദ്രസർക്കാർ സ്കോളർഷിപ്പ് അനുവദിച്ചുവരുന്നുണ്ട്.

സാമൂഹ്യ പഠനമുറി പദ്ധതി

31(5478) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ വികസന വകുപ്പ് നടത്തുന്ന സാമൂഹ്യ പഠനമുറി എന്ന പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കാമോ?

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഊരുകൾ കേന്ദ്രീകരിച്ച് 250 സാമൂഹ്യ പഠനമുറികൾ പ്രവർത്തിച്ചുവരുന്നു. ഊരുകളിലെ കമ്മ്യൂണിറ്റി ഹാളുകളിലും മറ്റ് പ്രധാന ഇടങ്ങളിലുമാണ് സാമൂഹ്യപഠനമുറി സജ്ജീകരിക്കുന്നത്. ഒരു പഠന